## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 268** **28/01/2014-ൽ മറുപടിയ്ക്ക്**

## ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച പുതിയ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച പുതിയ നിയമത്തിലെ വ്യവസ്ഥകൾ പരിശോധിച്ചിട്ടുണ്ടോ ; | (എ) കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച പുതിയ നിയമത്തിലെ വ്യവസ്ഥകൾ പരിശോധിച്ചുവരികയാണ് . |
| (ബി) നിലവിലുള്ള ഭൂമി ഏറ്റെടുക്കൽ നിയമവ്യവസ്ഥകളുമായി അതിൽ പ്രകടമായിട്ടുള്ള വ്യത്യാസങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (ബി) താരതമ്യേന കുറഞ്ഞ നഷ്ടപരിഹാരവും പുനരധിവാസത്തിന് വ്യവ്സ്ഥകൾ ഇല്ലാതിരുന്നതുമാണ് നിലവിലുണ്ടായിരുന്ന ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ പ്രധാന പോരായ്മ. നിലവിലുള്ള ഭൂമി ഏറ്റെടുക്കൽ നിയമവുമായി താരതമ്യം ചെയ്യുമ്പോൾ പുതിയ നിയമത്തിൽ പ്രകടമായിട്ടുള്ള വ്യത്യാസങ്ങൾ ചുവടെ ചേർക്കുന്നു.<br>1) പുതിയ നിയമ പ്രകാരം സർക്കാരിന്റെ ആവശ്യത്തിലേയ്ക്കും, സ്വകാര്യ കമ്പനികൾക്ക് കൈമാറുന്നതിനും പൊതു-സ്വകാര്യ ആവശ്യങ്ങൾക്ക് കൈമാറുന്നതിനും വ്യക്തമായ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ ഭൂമി ഏറ്റെടുക്കാവൂ.<br>2) പുതിയ നിയമപ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ ഭക്ഷ്യ സുരക്ഷ സംരക്ഷിക്കേണ്ടതും ജലസേചന സൗകര്യമുപയോഗിച്ച് കൃഷി ചെയ്യുന്ന ഭൂമി പൂർണ്ണമായി ഒഴിവാക്കേണ്ടതുമാണ്.<br>3) ദേശ സുരക്ഷ, പ്രകൃതിക്ഷോഭ ബാധിതർക്കുള്ള പുനരധിവാസം തുടങ്ങിയ ആവശ്യങ്ങൾക്ക് മാത്രമേ അടിയന്തിര ഖണ്ഡാനുമതി ഉപയോഗിച്ച് ഭൂമി ഏറ്റെടുക്കാവൂ.<br>4) ഭൂമി ഏറ്റെടുക്കാനുള്ള പ്രഖ്യാപനത്തോടൊപ്പം പുനരധിവാസത്തിനുള്ള വിശദാംശങ്ങളുടെ സംക്ഷിപ്ത രൂപം കൂടി ജില്ലാ കളക്ടർ പ്രസിദ്ധീകരിക്കേണ്ടതാണ്. |

| | |
|---|---|
| | 5) പുതിയ നിയമത്തിൽ സൊലേഷ്യം 100% ആയി ഉയർത്തിയിട്ടുണ്ട്.<br>6) ഏറ്റെടുത്ത ഭൂമി 5 വർഷത്തിനകം ഉപയോഗിച്ചില്ലെങ്കിൽ പ്രസ്തുത സ്ഥലം ഭൂവുടമകൾക്ക് തിരികെ നൽകുകയോ, ലാന്റ് ബാങ്കിൽ നിക്ഷേപിക്കുകയോ ചെയ്യാവുന്നതാണ്.<br>7) പുനരധിവസിക്കപ്പെട്ട വ്യക്തിയുടെ ഭൂമി വീണ്ടും ഏറ്റെടുക്കേണ്ടിവരുന്ന പക്ഷം 75% അധിക നഷ്ടപരിഹാരം അനുവദിക്കേണ്ടതുണ്ട്.<br>8) പുതിയ നിയമത്തിൽ ആദായ നികുതി ഇളവ് അനുവദി ച്ചിട്ടുണ്ട്.<br>9) പുതിയ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്ക് ശിക്ഷ വ്യവസ്ഥ ചെയ്യുന്നുണ്ട്. |
| (സി) കേന്ദ്ര നിയമവ്യവസ്ഥകൾക്കനുസൃതമായി സംസ്ഥാന നിയമത്തിൽ മാറ്റം ആവശ്യമാണെന്നു കരുതുന്നുണ്ടോ; എങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ ; | (സി) കേന്ദ്ര നിയമ വ്യവസ്ഥകൾക്കനുസൃതമായി സംസ്ഥാന നിയമത്തിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.